## യൂണിറ്റ് 3 - പൂവിൽ നിന്ന് പൂവിലേക്ക്

### മൊഡ്യൂൾ I

**പഠനലക്ഷ്യങ്ങൾ** :* പൂവിന്റെ പ്രധാന ഭാഗങ്ങളും ധർമ്മവും തിരിച്ചറിഞ്ഞ് വിശദീകരിക്കുവാൻ കഴിയുന്നു.

* പൂക്കളെ ഏകലിംഗപുഷ്പം, ദ്വിലിംഗപുഷ്പം എന്നിങ്ങനെ തരംതിരിക്കാൻ കഴിയുന്നു.

**ആശയങ്ങൾ/ധാരണകൾ**

പൂക്കളിലെ വൈവിധ്യം - നിറം, മണം, ഇതളുകളുടെ എണ്ണം, വലുപ്പം, ആകൃതി.

പൂക്കളുടെ പ്രധാന ഭാഗങ്ങൾ - പൂഞെട്ട്, പുഷ്പാസനം, വിദളം, കേസരം, ജനി, ദളം.

ഏകലിംഗപുഷ്പം, ദ്വിലിംഗപുഷ്പം.

**പ്രക്രിയാശേഷികൾ** :- നിരീക്ഷണം, തരംതിരിക്കൽ.

**ആവശ്യമായ സാമഗ്രികൾ** :- വ്യത്യസ്തതരം പൂക്കൾ, അവയുടെ നെടുകെയുള്ള ഛേദം/ചിത്രം, ഹാന്റ് ലെൻസ്, മൈക്രോസ്കോപ്പ്, ചെമ്പരത്തി, മത്തൻ, പാവൽ, അരളി ഇടങ്ങിയ പൂക്കൾ.

**മൂല്യങ്ങൾ/മനോഭാവം** :- പൂന്തോട്ടം സംരക്ഷിക്കുന്നു.

* പൂക്കൾ, പക്ഷികൾ, പ്രാണികൾ, ശലഭങ്ങൾ ഇടങ്ങിയവയോട് സഹഭാവം പ്രകടിപ്പിക്കുന്നു.

**പ്രതീക്ഷിത ഉൽപന്നങ്ങൾ** : പൂക്കളുടെ ഭാഗങ്ങൾ അടയാളപ്പെടുത്തിയ ചിത്രങ്ങൾ, പട്ടിക, കുറിപ്പ്.

| പ്രക്രിയ | വിലയിരുത്തൽ |
|---|---|
| | |

അധ്യാപിക കുട്ടികളോട് മുൻക്ലാസിൽ പഠിച്ച ശലഭോദ്യാനം, ശലഭനിരീക്ഷണം എന്നിവ സംബന്ധിച്ച് ചോദ്യങ്ങൾ ഉന്നയിക്കുന്നു.

- നിങ്ങളുടെ വീട്ടിൽ പൂന്തോട്ടമുണ്ടോ?
- ഏതെല്ലാം പൂക്കളുണ്ട്?
- എല്ലാ പൂക്കളും ഒരു പോലെയാണോ?

ഏതെല്ലാം കാര്യങ്ങളിൽ പൂക്കൾ വ്യത്യാസപ്പെട്ടിരിക്കുന്നു?

- സ്വതന്ത്രപ്രതികരണം-

കുട്ടികൾ അവർക്കറിയാവുന്ന പൂക്കളുടെ പേരുകൾ വ്യക്തിഗതമായി പട്ടികപ്പെടുത്തുന്നു.

- പൂക്കളുടെ സവിശേഷതകൾ അടങ്ങിയ ചാർട്ട് പൂർത്തിയാക്കാൻ ആവശ്യപ്പെടുന്നു.

| പൂവ് | നിറം | മണം | ആകൃതി | ഇതളുകളുടെ എണ്ണം | വിരിയുന്ന സമയം | നിലനിൽക്കുന്ന കാലം | മറ്റുപ്രത്യേകതകൾ |
|---|---|---|---|---|---|---|---|
| ചെമ്പരത്തി റോസ് ചെമ്പരത്തി മുല്ല. | | | | | | | |

. ചർച്ച

-ക്രോഡീകരണം-

. സസ്യങ്ങൾക്ക് പൂക്കൾ കൊണ്ട് എന്തെല്ലാം പ്രയോജനങ്ങളുണ്ട്?

ചർച്ച സ്വതന്ത്രപ്രതികരണം.

* സൂചകമായി പൂക്കളുടെ ഭാഗങ്ങൾ ഏതൊക്കെയാണെന്ന് ചോദിക്കുന്നു ചർച്ച

ക്രോഡീകരണം വിദളം

പൂഞെട്ട്, ദളം, പരാഗ പാസനം